# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1507 — 13.07.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻ കാർഡുകളുടെ അച്ചടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | പുതിയ റേഷൻകാർഡുകളുടെ അച്ചടി ആരെയാണു ഏൽപ്പിച്ചിട്ടുള്ളത്; സർക്കാർ പ്രസ്സിലല്ലെങ്കിൽ ഏത് പ്രസ്സിൽ എത്ര രൂപയ്ക്കാണ് ഇതിന്റെ കരാർ നൽകിയിട്ടുള്ളത് ; | (എ) | പുതിയ റേഷൻകാർഡുകളുടെ ഉൾപേജുകൾ അച്ചടിക്കുന്നതിന് കാർഡ് ഒന്നിന് 2.14/- രൂപ നിരക്കിൽ കെ.ബി.പി.എസ്.-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. റേഷൻ കാർഡിന്റെ ഔട്ടർ പേജ് അച്ചടിച്ച് ലാമിനേറ്റ് ചെയ്ത് സ്റ്റേപ്പിൾ ചെയ്ത് ലഭ്യമാക്കുന്നതിനായി കാർഡ് ഒന്നിന് 13.50/- രൂപ നിരക്കിൽ സി-ഡിറ്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |
| (ബി) | എത്ര റേഷൻ കാർഡുകളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് ; ജില്ലതിരിച്ചുള്ള കണക്ക് നൽകാമോ; | (ബി) | 8024724 റേഷൻകാർഡുകളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്. ജില്ലതിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 8,79,703 |
| കൊല്ലം | 6,91,877 |
| ആലപ്പുഴ | 5,51,850 |
| പത്തനംതിട്ട | 3,19,557 |
| കോട്ടയം | 4,84,221 |
| എറണാകുളം | 7,92,379 |
| തൃശ്ശൂർ | 7,76,365 |
| ഇടുക്കി | 2,76,000 |
| പാലക്കാട് | 6,78,403 |
| മലപ്പുറം | 8,33,084 |
| കോഴിക്കോട് | 7,02,211 |
| വയനാട് | 1,96,228 |
| കണ്ണൂർ | 5,66,011 |
| കാസർഗോഡ് | 2,76,835 |

| | | | |
|---|---|---|---|
| (സി) | ദരിദ്ര കുടുംബങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു റേഷൻകാർഡുകൾ എങ്ങനെയാണ് ക്രമീകരിച്ചിട്ടുളളത്; എ.പി.എൽ./ ബി.പി.എൽ വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ടോ? | (സി) | ദരിദ്ര കുടുംബങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി റേഷൻകാർഡുകൾ മുൻഗണന/ മുൻഗണന ഇതര എന്നിങ്ങനെയാണ് തരം തിരിച്ചിരിക്കുന്നത്. മുൻഗണനാ വിഭാഗത്തിൽ എ.എ.വൈ. കാർഡുകളും ഉൾപ്പെടുന്നു. |

Thulasi

സെക്ഷൻ ഓഫീസർ